ഭരണഭാഷ മാതൃഭാഷ"

കുരുന്നുകൾക്ക് ചിറകേകി 45 ന്റെ നിറവിൽ

WCD/D1/8082/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 21.07.2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - ലോക്ഡൗൺ കാലത്ത് കരാർ വാഹനത്തിന്റെ വാടക മാറി നൽകുന്നത് - സംബന്ധിച്ച്.

സൂചന: 1) ഈ കാര്യാലയത്തിലെ 25.06.2020 ലെ ഇതേ നമ്പർ സർക്കുലർ
2) വിവിധ കാര്യാലയങ്ങളിൽ നിന്നുള്ള അപേക്ഷകൾ

ലോക്ക് ഡൗൺ കാലയളവിൽ കരാർ വാഹനം നിർദ്ദിഷ്ട ദൂരം ഉപയോഗിക്കുവാൻ സാധിച്ചില്ലെന്നും ടി കാലയളവിൽ കരാർ തുക അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് സൂചന (2) പ്രകാരം പല കീഴ്‌ക്കാര്യാലയ മേധാവികളും ആവശ്യപ്പെട്ടിരിക്കുന്നു.

സൂചന(1) ലെ സർക്കുലർ പ്രകാരം കഴിഞ്ഞ വർഷം ലോക്ഡൗൺ കാലയളവിൽ കരാർ തുകയിലെ ഇളവ് അനുവദിച്ചതുപോലെ ഈ വർഷവും ലോക്ക്ഡൗൺ മൂലം കരാർ വാഹനം കരാറിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം നിർദ്ദിഷ്ട ദൂരം ഓടിക്കുവാൻ സാധിക്കാതിരുന്നത് കരാറുകാരന്റെ വീഴ്ചയല്ല എങ്കിൽ എഗ്രിമെന്റ് പ്രകാരമുള്ള തുക കരാറുകാരന് മാറി നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

എല്ലാ കീഴ്‌ക്കാര്യാലയ മേധാവികൾക്കും

JF/21